MR. E. P. PAULOSE : കന്നുകാലികൾക്കു രോഗം വന്നിട്ടുള്ള ഏതെങ്കിലും സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ടോ എന്ന് പറയാമോ?

HONBLE MR. K. M. KORAH : അതു അറിവില്ല. പുതിയ രോഗങ്ങൾ കണ്ടുപിടിക്കുകയാണു അദ്ദേഹത്തിന്റെ ജോലി.

MR. MANNAR GOPALAN NAIR: അദ്ദേഹം ഏതു സ്ഥലത്താണിരിക്കുന്നതു്?

HON'BLE MR. K. M. KORAH: അദ്ദേഹത്തിനു ഏതു സ്ഥലമെന്നില്ല; പല ഭാഗങ്ങളിലും പോകേണ്ടിവരും.

മത്സ്യവ്യവസായം.

355. MR. ALBERT LOPEZ (*Neyyattinkara II—LatinCatholic Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇൻഡ്യാഗവണ്മെൻറിൽനിന്നും മത്സ്യവ്യവസായാഭിവൃദ്ധിക്കുവേണ്ടി തിരുവിതാംകൂർ ഗവണ്മെൻറിലേക്ക് ഏതെങ്കിലും തുകകൾ നൽകുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ൧൯൪൦, ൧൯൪൧, ൧൯൪൨ എന്നീ ആണ്ടുകളിൽ കിട്ടീട്ടുള്ള സംഖ്യ എത്രയാണെന്നു പ്രസ്താവിക്കുമോ?

(സി) ഈ തുകകൾ എങ്ങനെയാണു വിനിയോഗിക്കപ്പെട്ടുന്നതെന്നു വിവരമായി പ്രസ്താവിക്കുമോ?

HON'BLE MR. K. M. KORAH : (എ) ഉണ്ടു്.

(ബി) ൧൯൪൦-ലും, ൧൯൪൧-ലും യാതൊരു തുകയും ലഭിച്ചിട്ടില്ല. ൧൯൪൨-ൽ ൧,൭൨,൦൦൦ രൂപ അനുവദിച്ചു എങ്കിലും ആ തുക ൧൯൪൨ മുതൽ ൧൯൪൪ വരെ ചെലവാക്കുവാനാണു്. അതു് അനുസരിച്ചു ൧൯൪൨-ൽ നൂറു രൂപ ലഭിച്ചിട്ടുണ്ടു്.

(സി) ഈ തുക നാലു മത്സ്യോല്പാദനപദ്ധതികൾക്കായും തൽസംബന്ധമായ ഗവേഷണങ്ങൾക്കായും താഴെ കാണിച്ചിട്ടുള്ള പ്രകാരം വിഭജിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ	പേരുതി	കഴിഞ്ഞ വർഷത്തെ ഇനത്തിൽ ചെലവായ തുക	കഴിഞ്ഞ വർഷത്തെ ഇനത്തിൽ ചെലവായ തുക	കഴിഞ്ഞ വർഷത്തെ ഇനത്തിൽ ചെലവായ തുക	ഈ വർഷത്തെ ഇനത്തിൽ ചെലവായ തുക	ഈ വർഷത്തെ ഇനത്തിൽ ചെലവായ തുക	ഈ വർഷത്തെ ഇനത്തിൽ ചെലവായ തുക	ഈ വർഷത്തെ ഇനത്തിൽ ചെലവായ തുക	ഈ വർഷത്തെ ഇനത്തിൽ ചെലവായ തുക
		രൂ.	ച.	പൈ.	രൂ.	ച.	പൈ.	രൂ.	ച.
൧	മലയാളപ്പുലർകാലം	൫൦൦	൦	൦	൫൦൦	൦	൦	൦	൦
൨	മന്ത്രസംഭാക്ഷണം, സംഭാഷണം, വിനോദം	൫൦൦	൦	൦	൫൦൦	൦	൦	൦	൦
൩	മലയാളത്തിലുള്ള പാഠപുസ്തകങ്ങൾ ഔദ്യോഗിക ഭാഷാക്ഷണം	൫൦൦	൦	൦	൫൦൦	൦	൦	൦	൦
൪	കാര്യാലയങ്ങളിലും ഭരണപരമായ ജീവിതം മലയാളത്തിലുള്ള ക്ഷണം	൫൦൦	൦	൦	൫൦൦	൦	൦	൦	൦
	ആകെ	൨൫൦൦	൦	൦	൨൫൦൦	൦	൦	൦	൦

LIBRARY ARCHIVES Kerala Legislative Assembly

MR. ALBERT LOPEZ : ഇതിൽനിന്നും ഗവണ്മെൻറിന എന്തെങ്കിലും ആദായമുണ്ടായിട്ടുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്. ഫൈൻ-ൽ മാത്രമേ മീൻ പിടിത്താ ശരിക്കു നടത്തുവാൻ സാധിച്ചിട്ടുള്ളൂ. ഫ ൪ ൦ ൦ ൦ റാത്തൽ മീൻ നമുക്കു ഫൈൻ-ൽ ലഭിച്ചിട്ടുണ്ട്. ൪൯൫ ൪ രൂപയും കിട്ടി.

MR. K. A. MATHEW : ഷാർക്ക് ലിവർ ആയിൽ ഉണ്ടാക്കുവിൽക്കുന്നതു് ഈ ഡിപ്പാർട്ടുമെൻറാണോ.

HON'BLE MR. K. M. KORAH : അതേ.

MR. K. A. MATHEW : ഈ ഡിപ്പാർട്ടുമെൻറിനെപ്പറ്റി ഗവണ്മെൻറിലേക്ക് പ്രതികരം ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : കിട്ടിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷിക്കാം.

MR. K. A. MATHEW : ഇതിലേക്ക് എത്രരൂപ വ്യയം ചെയ്തിട്ടുണ്ടെന്നു പറയാമോ.

HON'BLE MR. K. M. KORAH : അതു് ഈ ചോദ്യത്തിൻെറ പരിധിയിൽപ്പെട്ടിട്ടുള്ളതല്ല. അതുകൊണ്ടു നോട്ടീസ് വേണം.

MR. K. A. MOHAMMED : ഈ മത്സ്യം പിടിക്കുന്നതു ആരാണ്?

HON'BLE MR. K. M. KORAH : അതിന് കുറെ ആളുകളെ ആക്കിയിട്ടുണ്ട്.

WRITTEN ANSWERS.

വെസ്റ്റ്കോസ്റ്റ് ഫിഷറീസ്.

356. MR. ALBERT LOPEZ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) വെസ്റ്റ്കോസ്റ്റ് ഫിഷറീസിലേക്ക് തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും എത്രലക്ഷം രൂപയുടെ ഷെയറുകൾ എടുത്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) അതിൽനിന്നും ഗവണ്മെൻറിലേക്ക് ആണ്ടുതോറും കിട്ടീട്ടുള്ള ആദായം എത്രയെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly